## കത്തുകൾ




# ഇവരെ ആരും കാണാത്തതെന്ത്!

'മഅ്ദനിയെ കാണാൻ നിരവധി മത-രാഷ്ട്രീയ നേതാക്കൾ കോയമ്പത്തൂരിൽ വന്നുകൊണ്ടിരുന്നു. എന്നാൽ ഞങ്ങളെ കാണാൻ അവരാരും വന്നില്ല. മനുഷ്യാവകാശം എല്ലാവർക്കും ഉണ്ടെന്ന് അവർ ഓർത്തില്ല.'

കോയമ്പത്തൂർ സ്ഫോടനക്കേസിൽ പ്രതിചേർക്കപ്പെട്ട് അബ്ദുന്നാസിർ മഅ്ദനിയോടൊപ്പം കോയമ്പത്തൂർ സെൻട്രൽ ജയിലിൽ ഒമ്പതരവർഷം തടവ് അനുഭവിച്ച കോഴിക്കോട് പയ്യാനക്കലിലെ മുല്ലവീട്ടിൽ സുബൈർ ജന്മനാട്ടിൽ തിരിച്ചെത്തിയപ്പോൾ പറഞ്ഞ വാക്കുകളാണിത്. മഅ്ദനിയെ അറസ്റ്റു ചെയ്ത ഉടനെത്തന്നെയാണ് കസബ പോലീസ് സുബൈറിനെയും അറസ്റ്റു ചെയ്തത്. മലപ്പുറം ജില്ലയിലെ തിരൂരിൽ ഒരു മാരുതി വർക്ക്ഷോപ്പ് നടത്തുകയായിരുന്നു അപ്പോൾ അദ്ദേഹം. സുബൈറിന്റെ പേരും വർക്ക്ഷോപ്പിന്റെ വിലാസവുമടങ്ങിയ വിസിറ്റിംഗ് കാർഡ് കോയമ്പത്തൂർ സ്ഫോടന പ്രതികളിലൊരാളിൽ നിന്ന് പിടികൂടി എന്നതായിരുന്നു അറസ്റ്റിന് കാരണമായ തെളിവ്! പിന്നീട് പ്രതിയെ ഒരു ദിവസം ഒളിവിൽ പാർപ്പിച്ചു എന്ന കുറ്റം ചുമത്തപ്പെട്ടു. തന്റെ വർക്ക്ഷോപ്പിലേക്ക് പല സ്ഥലങ്ങളിൽനിന്നും പലരും കാറ് നന്നാക്കാൻ വരാറുണ്ടെന്നും അവർക്കെല്ലാം വിസിറ്റിംഗ് കാർഡ് നൽകാറുണ്ടെന്നും സുബൈർ പറയുന്നു. ഒരു കച്ചിത്തുരുമ്പിന്റെ ബലം പോലുമില്ലാത്ത സംശയത്തിന്റെ പേരിൽ ആ യുവാവിന്റെയും ജീവിതത്തിൽനിന്ന് പറിച്ചെടുത്തത് ഒരു ദശാബ്ദം.

ഇത് സുബൈറിന്റെ മാത്രം കഥയല്ല. കോഴിക്കോട് മുഹമ്മദ് അശ്റഫ്, കൊല്ലം ചവറ ഓച്ചിറ ആർമി രാജു എന്നിവർക്കും പറയാനുള്ളത് ഇതുപോലുള്ള കഥകളാണ്. ഇവരെല്ലാം ഒമ്പതരവർഷത്തെ വിചാരണത്തടവിനുശേഷം നിരപരാധികളാണെന്ന് വിധിപറയപ്പെട്ടിരിക്കുന്നു. മഅ്ദനിയെപ്പോലെത്തന്നെ ഇവരുടെയും ജീവിതത്തിൽനിന്ന് നഷ്ടപ്പെട്ട ഒരു പതിറ്റാണ്ടിനും അവർ അനുഭവിച്ച പീഡനങ്ങൾക്കും എന്ത് നഷ്ടപരിഹാരം നൽകും?

ഇവരോടൊപ്പം ജയിലിലുണ്ടായിരുന്നവരാണ് മലപ്പുറം പുഴക്കാട്ടിരി വില്ലേജിലെ നെല്ലിശ്ശേരി അബ്ദുൽ ബശീർ, കോഴിക്കോട് പന്നിയങ്കര സതീശൻ, തൃശൂർ ഉമ്മർ, സാലിം എന്ന അബ്ദുൽ സലീം എന്നിവർ. ഇവർ കുറ്റക്കാരാണെന്നാണ് കോടതിവിധി. ആയുധ നിയമം അടക്കമുള്ള ചില കുറ്റങ്ങളാണ് ഇവരിൽ ചുമത്തപ്പെട്ടിരിക്കുന്നത്. എങ്ങനെപോയാലും പരമാവധി എട്ടു വർഷത്തിനപ്പുറം ശിക്ഷ ലഭിക്കാൻ വകുപ്പില്ലാത്ത കുറ്റത്തിന്റെ പേരിലാണ് ഇവർ പത്തുവർഷം കാരാഗൃഹത്തിൽ കഴിഞ്ഞത്. മലപ്പുറം കാളികാവ് സ്വദേശി അയ്യപ്പന്റെ കാര്യവും ഇങ്ങനെത്തന്നെ.

മഅ്ദനിയോടൊപ്പം ഒമ്പതരവർഷം തടവിലിട്ട ബാക്കിയുള്ള എട്ട് മലയാളികളുടെ കഥയെന്തായി? അതിൽ നാലുപേർ നിരപരാധികൾ, നാലുപേർ കുറ്റക്കാർ എന്ന ഒറ്റ വാചകത്തിനപ്പുറം ആരും അവരെപ്പറ്റി അധികം പറയുന്നില്ല. അവരുടെ മുഖങ്ങൾ ഒരു ചാനലിലും ആവർത്തിച്ച് വന്നില്ല. അവരുടെ ദുരിതങ്ങൾ ആരും കേട്ടില്ല. പട്ടിണിയിലും പരിവട്ടത്തിലും കഴിഞ്ഞിരുന്ന അവരുടെ കുടുംബങ്ങളെ പത്രമാധ്യമങ്ങൾ പരിഗണിച്ചില്ല.

**ജാബിർ അഹ്മദ് എറവക്കാട്**

# മമ്മി സാഹിബിനെക്കുറിച്ച് അൽപം കൂടി

വി. അബ്ദുൽ മുഹൈമിൻ(മമ്മി) സാഹിബിനെ അനുസ്മരിച്ചപ്പോൾ (ലക്കം: 7) ഏറെക്കാലം അദ്ദേഹത്തിന്റെ കർമഭൂമിയായിരുന്ന യു.എ.ഇയുമായുള്ള ബന്ധം വിസ്മരിക്കപ്പെട്ടതാണ് ഈ കുറിപ്പിന് കാരണം.

യു.എ.ഇയിലെ ഏറ്റവും ശക്തമായ പ്രവാസി കൂട്ടായ്മയായി ഇസ്‌ലാമിക് കൾച്ചറൽ സെന്റർ (ഐ.സി.സി) മാറിയ വർത്തമാന സാഹചര്യത്തിൽ, എഴുപതുകളിൽ മമ്മിസാഹിബ് ഉൾപ്പെടെയുള്ളവർ അനുഷ്ഠിച്ച ത്യാഗങ്ങളും നിർവഹിച്ച സേവനങ്ങളും അനുസ്മരിക്കപ്പെടാതെ പോകരുത്.

സുഊദി മർകസുദ്ദഅ്‌വയുടെ പ്രതിനിധികളായി ഹൈദറലി ശാന്തപുരം, കുഞ്ഞിമുഹമ്മദ് വളാഞ്ചേരി തുടങ്ങിയവരും തൊഴിലന്വേഷകരായി വി.എ യൂനുസ് മൗലവി, കെ.ടി അബ്ദുർറഹീം സാഹിബ് മുതലായവരും എത്തുന്നതിനു മുമ്പ് നിരന്തരവായനയിലൂടെ ആർജിച്ച പാണ്ഡിത്യത്തിന്റെയും പ്രാസ്ഥാനികാവബോധത്തിന്റെയും പിൻബലവുമായി, യു.എ.ഇയുടെ വിവിധ ഭാഗങ്ങളിൽ മണിക്കൂറുകൾ നീണ്ട പ്രഭാഷണങ്ങൾ നടത്തുകയും സംഘാടകർ നൽകുന്ന യാത്രാച്ചെലവ് 'ന്റ കായ് പ്പ നിക്ക് വേണ്ട' എന്ന് നാടൻ ശൈലിയിൽ പുഞ്ചിരിയോടെ നിരസിക്കുകയും ചെയ്തിരുന്ന മമ്മി സാഹിബിന്റെ ചിത്രം പഴയകാല പ്രവർത്തകർക്ക് മറക്കാനാവില്ല. ഷാർജയിൽ ഏതാനും പ്രസ്ഥാനസ്നേഹികൾ തങ്ങളുടെ താമസസ്ഥലത്ത് സംഘടിപ്പിച്ച പരിപാടിയിൽ ക്ലാസ് നടത്തിക്കൊണ്ടിരിക്കെ അതിഷ്ടപ്പെടാത്ത ചിലർ ക്ലാസ് നിർത്താനാവശ്യപ്പെട്ടതും, അഡ്വ. കെ.എം കൊച്ചഹമ്മദ് സാഹിബ്, പി.എ സ്വാലിഹ് മൗലവി തുടങ്ങി അന്ന് മമ്മിസാഹിബിനോടൊപ്പം ദുബൈയിൽനിന്നെത്തിയവരെ നിർദാക്ഷിണ്യം ഇറക്കിവിട്ടതും ഇന്നും ഓർമയിൽനിന്നും മായുന്നില്ല. മൂന്ന് ഡിഫൻസ് ക്യാമ്പുകളിലായി ഇരുനൂറിലധികം മലയാളികളുണ്ടായിരുന്ന അജ്മാനിലെ മനാമയിൽ മമ്മിസാഹിബ് നടത്തിയ രണ്ടു മണിക്കൂറിലധികം നീണ്ട പ്രഭാഷണം ഒരു വലിയവിഭാഗം അടിമുടി മാറാൻ കാരണമാവുകയുണ്ടായി (പിൽക്കാലത്ത് കെ.ടി അബ്ദുർറഹീം സാഹിബ് നിരന്തരം ക്ലാസ്സുകൾ നടത്തുകയും കുഞ്ഞിമുഹമ്മദ് വളാഞ്ചേരി തന്റെ പ്രവർത്തനമണ്ഡലമായി ആ പ്രദേശം തെരഞ്ഞെടുക്കുകയും ചെയ്തപ്പോൾ ഐ.സി.സിയുടെ ശക്തമായ ഘടകം അവിടെ നിലവിൽവരികയും ഫുജൈറ, ഉമ്മുൽഖുവൈൻ, ദൈദ്, റഅ്സുൽഖൈമ പ്രദേശങ്ങളിലെ ഘടകങ്ങളുടെ രൂപീകരണത്തിന് അത് സഹായകമാവുകയും ചെയ്തു).

സംഘടനാ സങ്കുചിതത്വം കടൽ കടന്നെത്തിയിട്ടില്ലാത്ത എഴുപതുകളിൽ മമ്മി സാഹിബ് ഉൾപ്പെടെയുള്ളവർ നടത്തിയ ക്ലാസ്സുകളിൽ എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾ പങ്കെടുക്കുകയും ഏതു പള്ളിയിലും ക്ലാസ് നടത്താൻ അനുമതി ലഭിക്കുകയും ചെയ്തിരുന്നു. പാണ്ഡിത്യത്തിന്റെ മുഖാവരണങ്ങളില്ലാത്ത ശൈലർ മമ്മിക്കാന്റെ പണ്ഡിതോചിതമായ പ്രഭാഷണങ്ങൾ അന്നേവർക്കും ആവേശകരമായിരുന്നു. വിശിഷ്യാ, ആരാധനകളുടെ ആത്മാവു തേടുന്ന പ്രഭാഷണങ്ങൾ. തീർച്ചയായും ആ പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും യു.എ.ഇയിലെ പ്രസ്ഥാനപ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നതിൽ അവിസ്മരണീയമായ പങ്കുവഹിച്ചിട്ടുണ്ട്.

**അബ്ദുർറഹ്മാൻ എടച്ചേരി**

# വിനയാന്വിതനായ മഹാനുഭാവൻ

മരണവും ജീവിതവും അവർണനീയമായ രണ്ടു പ്രതിഭാസങ്ങൾ തന്നെ. അവയുടെ നാഥൻ അല്ലാഹുവാണ് (*ഖുർആൻ* 67:2). പലർക്കും ജീവിതത്തിന്റെ അർഥം തന്നെ പിടികിട്ടുക മരണം മുട്ടിവിളിക്കുമ്പോഴാണ്. മറുലോകത്തെ മറച്ചുവെച്ച മറ മരണത്തോടെ നീക്കപ്പെടുന്നു; യാഥാർഥ്യം മറനീക്കി പ്രത്യക്ഷപ്പെടുന്നു. "നിന്റെ മുമ്പിലുണ്ടായിരുന്ന മറയെ നാം നീക്കിക്കളഞ്ഞു. ഇന്നു നിന്റെ ദൃഷ്ടി ബഹുതീക്ഷ്ണമാകുന്നു" (*ഖുർആൻ* 50:22). മരണം മനുഷ്യനെ ഒറ്റയടിക്ക് മറ്റൊരു ലോകത്തേക്ക്, പരമയാഥാർഥ്യങ്ങളുടെ ലോകത്തേക്ക് എടുത്തെറിയുന്നു. അവിടെ ദൃഷ്ടിക്ക് എല്ലാം ദൃശ്യമാകുന്നു. ജീവിതകാലത്ത് കാണാൻ കഴിയാത്തതും വിശ്വസിക്കാൻ വിഷമമായതുമെല്ലാം. പരലോകയാഥാർഥ്യങ്ങളിൽ ദൃഢമായി വിശ്വസിക്കുന്ന പൂർണ സത്യവിശ്വാസിക്കു പോലും മരണം അവർണനീയമായ ഒരനുഭവമായിരിക്കും. അദൃശ്യമായി കേട്ടതും വിശ്വസിച്ചതുമൊക്കെ നഗ്നദൃഷ്ടിയിൽ കാണുക. ജീവിച്ചിരിക്കുന്നവർക്ക് അത് വർണിക്കുക സാധ്യമല്ല. കേട്ടവൻ കണ്ടവനെപ്പോലെയല്ല എന്ന അറബി ആപ്ത വാക്യം ഇവിടെ ഓർക്കാം.

മരണമെന്ന പ്രതിഭാസത്തിന്റെ ഒരു പ്രത്യേകത അത് മരിച്ചവരുടെ പ്രതിഛായ അവരുടെ ജീവിതകാലത്തേക്കാൾ ശക്തവും വ്യക്തവുമായി പ്രതിഫലിപ്പിക്കുന്നു എന്നതാണ്. മരണം സൃഷ്ടിക്കുന്ന ശൂന്യതയിൽ നല്ല മനുഷ്യന്റെ വിലയും മഹത്വവും കൂടുതൽ തെളിഞ്ഞു പ്രകാശിക്കുന്നു. നല്ലവനല്ലെങ്കിൽ മറിച്ചും. അവരുടെ നന്മ ഓർക്കുമ്പോൾ, അവരുടെ മഹത്വം മനോദർപ്പണത്തിൽ പ്രതിബിംബിക്കുമ്പോൾ, അവരുടെ വേർപാടിലുള്ള നഷ്ടബോധവും ദുഃഖവും നമ്മെ അഗാധമായി സ്വാധീനിക്കുന്നു; അവരോടുള്ള സ്നേഹാദരവ് വർധിക്കുന്നു.

പ്രഫ. വി. മുഹമ്മദ് സാഹിബിന്റെ വിയോഗം കേരള മുസ്‌ലിം സമൂഹത്തിൽ സൃഷ്ടിച്ച ശൂന്യത അക്ഷരാർഥത്തിൽ തന്നെ നികത്താനാവാത്തതാണ്. എല്ലാ വിഭാഗങ്ങളുടെയും സ്നേഹവും ആദരവുമാർജിച്ച, വിഭാഗീയതകൾക്കതീതമായി ഇസ്‌ലാമിക സമൂഹത്തിന്റെ നന്മമാത്രം കൊതിച്ച, അധികാരമോ പ്രഭാവമോ ഒട്ടും ആഗ്രഹിക്കാത്ത എത്ര വ്യക്തിത്വങ്ങൾ കാണും നമ്മുടെ നേതൃരംഗത്ത്! അതായിരുന്നു വി. മുഹമ്മദ് സാഹിബ്. സംഘടനാഭേദമന്യേ അദ്ദേഹം എല്ലാവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. ഒരുപക്ഷേ, 'എല്ലാവരാലും ഇഷ്ടപ്പെട്ടവൻ' എന്നതായിരിക്കും അദ്ദേഹത്തിന് ഏറ്റവും യോജിക്കുന്ന വിശേഷണം. ഒരു നബിവചനം ഇങ്ങനെയാണ്: "അല്ലാഹു ഒരു പ്രത്യേക ദാസനെ ഇഷ്ടപ്പെട്ടാൽ ജിബ്‌രീൽ പ്രഖ്യാപിക്കും: അല്ലാഹു ഇന്ന ദാസനെ ഇഷ്ടപ്പെട്ടിരിക്കുന്നു. ഞാനും അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു. ജിബ്‌രീൽ അദ്ദേഹത്തെ ഇഷ്ടപ്പെട്ടുകൊണ്ട് വാനലോകവാസികളിൽ വിളംബരം ചെയ്യുന്നു: അല്ലാഹു ഇന്നയാളെ ഇഷ്ടപ്പെടുന്നു; നിങ്ങളും അദ്ദേഹത്തെ ഇഷ്ടപ്പെടുക. അതോടെ വാനലോകവാസികളൊക്കെ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു. തുടർന്ന് ഭൂലോകത്ത് അദ്ദേഹത്തിന് സ്വീകാര്യത പ്രതിഷ്ഠമാവുന്നു" (ബുഖാരി മുസ്‌ലിം). ഈ പ്രവാചക വചനത്തിന്റെ പൊരുളിലുൾപ്പെട്ട ഒരു വ്യക്തിയായിരുന്നു വി.എം എന്ന് അദ്ദേഹത്തിന്റെ ജീവിതം വിളിച്ചോതി. അവസാന വിധി ഹൃദയാന്തരാളങ്ങളടക്കമറിയുന്ന അല്ലാഹുവിന്റെ പക്കൽ.

സൗഹൃദം, സാഹോദര്യം, സ്നേഹം, വിനയം, ലാളിത്യം, ഉൽക്കടമായ നന്മേഛ, ഗുണകാംക്ഷ, പരോപകാരം തുടങ്ങി എന്തെല്ലാം ഉത്തമഗുണങ്ങളുടെ വിളനിലമായിരുന്നു ആ മഹാനുഭാവൻ. നന്മ, നന്മ മാത്രം എവിടെയും-വീട്ടിലും അയൽപക്കത്തും സമുദായത്തിലും സമൂഹത്തിലുമെല്ലാം- വളരാനും ഉയരാനും അദ്ദേഹം കൊതിച്ചു; ആവതും അതിനു ശ്രമിച്ചു. അധികാരവും പ്രഭാവവും ആർഭാടവും പ്രൗഢിയും അഹംബോധവും അദ്ദേഹം അകറ്റി നിർത്തി. ഇത്തരം കുറച്ച് ഉത്തമ വിനയാന്വിത വ്യക്തിത്വങ്ങൾ സമുദായ നേതൃത്വത്തിലുണ്ടാവുമ്പോൾ ചിത്രം എത്ര വ്യത്യസ്തമാവും. അത്തരം നല്ല മനുഷ്യരെ അവരുടെ ജീവിതകാലത്ത് ശരിയായി വിലയിരുത്താനും അർഹമായ സ്ഥാനത്തിരുത്താനും സമുദായത്തിന് കഴിയാതെ പോവുന്നു എന്നതാണ് കഷ്ടം!

സ്നേഹമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. വിനയമായിരുന്നു കിരീടം. ലാളിത്യമായിരുന്നു അലങ്കാരം. എല്ലാറ്റിലും ലാളിത്യം, ആ പ്രസന്ന മുഖത്ത് ലാളിത്യം, സ്വഭാവത്തിൽ ലാളിത്യം, സംസാരത്തിൽ ലാളിത്യം, പെരുമാറ്റത്തിൽ ലാളിത്യം. ഭാഷയിൽ ലാളിത്യം. ഭാഷയിലെ ലാളിത്യം പ്രത്യേകം പരാമർശമർഹിക്കുന്നു. *പ്രബോധന*ത്തിൽ അദ്ദേഹം ലേഖനപരമ്പര എഴുതിയിരുന്നു – സരള സുന്ദരമായ ശൈലിയിൽ. ലാളിത്യം എന്നതുകൊണ്ട് ഉപരിപ്ലവത എന്നോ ബാലിശത്വമോ എന്നർഥമില്ല. ആഴമുള്ള ആശയങ്ങളും ഉന്നത ചിന്തകളും ലളിതമനോഹരമായ ശൈലിയിലവതരിപ്പിക്കാനുള്ള പാടവമുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കലദ്ദേഹം *പ്രബോധന*ത്തിലെ ചില ലേഖനങ്ങളിലെ സാധാരണക്കാർക്ക് അപ്രാപ്യമായ ഭാഷയെക്കുറിച്ച് ആവലാതിപ്പെട്ടു. എന്നെപ്പോലുള്ളവർ സംസ്കൃതപദങ്ങൾ ഉരുട്ടിക്കൊണ്ടുവന്ന് ഭാഷ കെങ്കേമമാക്കാൻ ശ്രമിക്കുന്ന കാലമായിരുന്നു അത്. *പ്രബോധന*ത്തിലെ യുവ എഴുത്തുകാർക്ക് അതൊരു ഭ്രമമായിരുന്നു. ഈയിടെ സിദ്ദീഖ് ഹസൻ സാഹിബ് എന്റെ ഒരു ലേഖനത്തിലെ 'ഘൃധ്രനേത്രങ്ങൾ' 'കഴുകക്കണ്ണുകളാ'യി തിരുത്തിത്തന്നപ്പോഴാണ് അന്നത്തെ ബാധ ഇപ്പോഴും കുറച്ചൊക്കെ ബാക്കിയുണ്ടെന്നോർത്തത്.

ആനുഷംഗികമായി പറയട്ടെ: കേരള ഇസ്‌ലാമിക സാഹിത്യം മലയാള ശൈലിയുടെ ഉദ്ദിഷ്ടമാനങ്ങളിലെത്തിനിൽക്കുന്നുവെന്ന് പറയാവതല്ലല്ലോ. ഇസ്‌ലാമിക പ്രബോധന പദ്ധതികളിൽ ഈ വശത്തിന് അർഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ല. മലയാള ഭാഷയിൽ സ്പെഷ്യലൈസ് ചെയ്യാൻ കോളേജുകളിലെയും യൂനിവേഴ്സിറ്റികളിലെയും കുറച്ചെങ്കിലും മുസ്‌ലിം യുവാക്കൾ സന്നദ്ധരാവണം. അങ്ങനെ ഭാഷാപ്രാവീണ്യം നേടിയവരെ മുസ്‌ലിം പത്രപ്രസിദ്ധീകരണങ്ങളുടെ എഡിറ്റോറിയൽ സ്റ്റാഫിൽ നിയമിക്കണം. അങ്ങനെ ഈ വിടവ് കാലക്രമേണയെങ്കിലും നികത്തണം. അനുവാചകരെ അടുപ്പിക്കുകയോ അകറ്റുകയോ ചെയ്യുന്നതിൽ ഭാഷാശൈലിയുടെ പങ്ക് അനിഷേധ്യമാണല്ലോ. മുസ്‌ലിം എഴുത്ത് മാരാർമാരോ വാരിയർമാരോ ആകണമെന്നല്ല. ഇസ്‌ലാമിക മൂല്യങ്ങൾ മനോഹര മലയാള ശൈലിയിൽ അവതരിപ്പിക്കാൻ സാധ്യമാവണമെന്നേ അർഥമുള്ളൂ. വിശിഷ്യാ അമുസ്‌ലിം അനുവാചക സഹോദരങ്ങളെ പരിഗണിച്ച്. 'അമൃതവാണി' ഒരു ഉത്തമ മാതൃക.

വി. എമ്മിലേക്ക് മടങ്ങാം. ഈയുള്ളവനും അദ്ദേഹവുമായി ജീവിതത്തിലാകെ സംസാരിച്ചതും ഇടപഴകിയതുമായ മണിക്കൂറുകൾ വിരലിലെണ്ണാം. പക്ഷേ, ഞങ്ങളുടെ സുഹൃദ്ബന്ധം അഗാധമായിരുന്നു. എത്രത്തോളമെന്നാൽ എന്റെ വിവാഹക്കാര്യത്തിൽകൂടി അദ്ദേഹം സജീവ പങ്കുവഹിച്ചു. സ്നേഹവും ആദരവും ഞങ്ങളെ പരസ്പരം ഹഠാദാകർഷിച്ചു. എന്തുകൊണ്ട്? അല്ലാഹുവിന് മാത്രമറിയാം. പ്രവാചകൻ(സ) പറഞ്ഞു:

"ആത്മാവുകൾ (പരിശീലനാർഥം) സംഘടിപ്പിക്കപ്പെട്ട പട്ടാളം പോലെയാണ്. അവരിൽ പരസ്പരം പരിചയപ്പെട്ടവർ തമ്മിലടുക്കുന്നു. പരസ്പരമറിയാത്തവർ തമ്മിൽ ഭിന്നിക്കുന്നു" (ബുഖാരി, മുസ്‌ലിം).

ഞങ്ങളുടെ ആത്മാവുകൾ എവിടെവെച്ച് കണ്ടുമുട്ടി? അല്ലാഹുവിന് മാത്രമറിയാം. ഏതായാലും ഒരജ്ഞാതശക്തി ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി, തമ്മിലിണക്കി. ഇടപഴകിയ മണിക്കൂറുകൾ കുറവെങ്കിലും ദീർഘകാല സുഹൃത്തുക്കളുടെ ബന്ധമായിരുന്നു ഞങ്ങൾ തമ്മിൽ.

ഇന്നിപ്പോൾ അദ്ദേഹം വിടപറഞ്ഞു. പതിനായിരം കാതങ്ങൾ അകലെനിന്ന് ആ വേർപാടിന്റെ ദുഃഖനാദം കർണപുടങ്ങളിൽ വന്നുമുട്ടുന്നു. ഇനി ഒന്നേ അവശേഷിക്കുന്നുള്ളൂ. മരണത്തിന്റെയും ജീവിതത്തിന്റെയും നാഥനോടുള്ള കേണപേക്ഷ:

'സർവശക്തനായ രാജാധിരാജന്റെ സന്നിധിയിൽ സുസ്ഥിരപീഠത്തിൽ' വാണരുളുന്ന, 'സഹോദരന്മാരായി മുഖാമുഖം മഞ്ചങ്ങളിലിരിക്കുന്ന' നല്ലവരായ ദാസന്മാരുടെ കൂട്ടത്തിൽ പെടുത്തി ഞങ്ങളെയെല്ലാം അനുഗ്രഹിക്കേണമേ!

**ടി.കെ ഇബ്റാഹീം, ടൊറണ്ടോ**
ibrahimtk@yahoo.ca